## പതിമൂന്നാം കേരള നിയമസഭ

### എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.*78 — 20.03.2013-ൽ മറുപടിക്ക്.

### സ്വകാര്യ ആശുപത്രി നഴ്സുമാരുടെ സേവന - വേതന വ്യവസ്ഥകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി കെ. എസ്. സലീഖ:<br>ശ്രീ. കെ. വി. വിജയദാസ്:<br>ശ്രീ. രാജു എബ്രഹാം:<br>ശ്രീ. കെ. ദാസൻ: | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ സേവന - വേതന വ്യവസ്ഥകൾക്ക് ഏകീകൃത രൂപം നൽകാൻ തയ്യാറാകുമോ; | (എ) നിലവിൽ മിനിമം വേജസ് നോട്ടിഫൈ ചെയ്തിട്ടുണ്ട്. |
| (ബി)ഇതിനായി സമഗ്ര നിയമം നിർമ്മിക്കാൻ കേന്ദ്രസർക്കാർ ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ ഇക്കാര്യത്തിൽ നയം വ്യക്തമാക്കുമോ; | (ബി) ഇല്ല. ബാധകമല്ല. |
| (സി) നഴ്സുമാരുടെ സേവന - വേതന വ്യവസ്ഥകൾ നിർണ്ണയിക്കുന്നതിനായി രൂപീകരിച്ച സമിതി എന്തെങ്കിലും തീരുമാനത്തിലെത്തിയിട്ടുണ്ടോ; | (സി) നഴ്സുമാരുടെ സേവന - വേതന വ്യവസ്ഥകൾ നിർണ്ണയിക്കുന്നതിനായി സർക്കാർ രൂപീകരിച്ച ഐ. ആർ. സി. യിൽ ഇതു സംബന്ധിച്ച ചർച്ച നടന്നുവരുന്നു. കൂടാതെ 16.12.2009 ലെ ജി. ഒ. (എം. എസ്) നമ്പർ 174/09/തൊഴിൽ ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ള ആശുപത്രി ജീവനക്കാരുടെ കുറഞ്ഞ കൂലി നിരക്കുകൾ പുതുക്കി നിശ്ചയിക്കുന്നതിനുള്ള ചർച്ചകൾ അവസാന ഘട്ടത്തിലാണ്. |
| (ഡി) വിവിധ പ്രദേശങ്ങളിലെ സമരത്തെ തുടർന്ന് സർക്കാർ മധ്യസ്ഥതയിൽ ആശുപത്രി മാനേജ്മെൻറുകൾ ഏർപ്പെട്ട കരാറുകൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ? | (ഡി) തൊഴിൽ വകുപ്പ് പരിശോധനാ ഉദ്യോഗസ്ഥർ ആശുപത്രികളിൽ പരിശോധന നടത്തുന്ന അവസരത്തിൽ ടി കരാറുകൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ.